# പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും മലയാളം എഴുതാനും വായിക്കാനും പഠിപ്പിച്ചിരിക്കും
2. കുട്ടികളെ ലൈബ്രറി പുസ്തകങ്ങൾ വായിക്കാനുള്ള താൽപര്യമുള്ളവരാക്കി മാറ്റുക.
3. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് നേടും.
4. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റും.
5. കുട്ടികളിൽ രചനാപരമായ കഴിവ് വളർത്തും.
6. കുട്ടികൾ അതാത് ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ ഉറപ്പ് വരുത്തും.
7. കുട്ടികൾക്ക് കൃഷിയോട് താൽപര്യം ഉണ്ടാക്കും. അവരവർക്ക് ആവശ്യമുള്ള പച്ചക്കറി സ്വന്തമായി കൃഷി ചെയ്യും.
8. ക്ലാസ്സ് P.T.A ശക്തിപ്പെടുത്തും. സ്വയം പര്യാപ്തമായ ക്ലാസ്സ് മുറി ഉണ്ടാക്കും.
9. കുട്ടികളിൽ രചനാപരമായ കഴിവ് വളർത്തും.

10 കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരം ഉണ്ടാകും.

11. വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുക്കും.

12. എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധം ഉറപ്പാക്കും.

13. അധ്യാപകർ മുഴുവൻ വായനക്കാരായി മാറും.

14. ഉന്നത നിലവാരമുള്ള അധ്യാപനം ഉറപ്പ് വരുത്തും.

15. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്താൻ അധ്യാപകരെ പ്രാപ്തരാക്കും.

16. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിൽ എത്തിക്കും.

17. ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള കഴിവ് നേടും.

18. ഭിന്നശേഷിക്കാരെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

# ഭാഷാവികാസം

## മലയാളം

ലക്ഷ്യങ്ങൾ :-

1. എല്ലാ കുട്ടികൾക്കും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്നും എഴുതുന്നുവെന്നും ഉറപ്പ് വരുത്തും
2. എല്ലാ കുട്ടികളും ഓരോ പ്രായത്തിനും അനുയോജ്യമായ വിധം മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കും.
3. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തും.
4. സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കും.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടും.
6. ഭാഷാശേഷി വികാസത്തിൽ ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തും.

## ആമുഖം

തൃശ്ശൂർ താലൂക്കിൽ ചാഴൂർ പഞ്ചായത്തിലെ ഒരു ചെറിയ ഗ്രാമമാണ് പുള്ള്. അന്യദേശങ്ങളിൽ നിന്നു തീരെ വിഭജിക്കപ്പെട്ടതും സമ്പർക്കത്തിനും മറ്റൊരു മാർഗ്ഗവും ഇല്ലാതെ നാലുപുറവും നെൽവയലും മനക്കൊടി കായലിനാലും ചുറ്റപ്പെട്ടതും ആയ ദേശനിവാസികളിൽ ഭൂരിഭാഗവും പിന്നോക്ക സമുദായക്കാരും സാധുക്കളും വിദ്യാഭ്യാസ വിഷയത്തിൽ വളരെ പിന്നോക്കം നിൽക്കുന്നതുമായ ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസ പ്രചരണത്തിനായുള്ള ഈ സ്ഥാപനം നിലവിൽ വന്നത് 1927 ജൂൺ മാസം 3-ാം തിയതിയാണ്. ചെല്ലൂർ പുരുഷോത്തമൻ നമ്പൂതിരിയുടെ ഉടമസ്ഥതയിലാണ് ഈ വിദ്യാലയം.

ആരംഭത്തിൽ 1,2 ക്ലാസ്സുകളും പിന്നീടുള്ള വർഷങ്ങളിൽ 3,4 ഡിവിഷനും ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചു. ഇപ്പോൾ പുത്തൻതോട്ടിൽ താമസിക്കുന്ന ചെല്ലൂരിൽ പുരുഷോത്തമൻ നമ്പൂതിരിയാണ് ഈ വിദ്യാലയത്തിന്റെ മാനേജർ.

പ്രധാന അധ്യാപിക ജയശ്രീ ടീച്ചറാണ്. മറ്റ് അധ്യാപകരായി റാണി ടീച്ചർ, രാജി ടീച്ചർ, ഷൈന ആര്യ ടീച്ചർ (Daily wage) എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

ഈ വിദ്യാലയത്തിന്റെ പുരോഗതിക്കായി ജോബി ചെയർമാനും അഡ്വ. രമേശ് കൺവീനർ ആയിട്ടുള്ള വികസന സമിതിയുടെ കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് സ്കൂളിന് നിരവധി മാറ്റങ്ങൾ ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായി. കുട്ടികളുടെ എണ്ണത്തിൽ വളരെ കുറവ് കഴിഞ്ഞ അക്കാദമിക വ 2018 പ്രളയത്തിനുശേഷവും അതിനുശേഷം ഓരോ വർഷവും വരുന്ന വെള്ളപ്പൊക്കവും വളരെ കുറവ് വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. മങ്ങാടി കോടന്നൂർ ഭാഗത്തുനിന്നും പകുതിയിലധികം കുട്ടികൾ സ്കൂളിൽ പ്രവേശനം നേടിയിരുന്നു. കാലവർഷ മഴക്കാലം വന്നാൽ മങ്ങാടി - പുള്ള് പാടത്ത് വെള്ളം കയറുന്നതിനാൽ മങ്ങാടി ശാസ്താം കടവ് ഭാഗത്തു നിന്നുള്ള കുട്ടികൾക്ക് ഏകദേശം രണ്ട് മാസത്തോളം അധ്യയനം സാധ്യമാകാത്തതിനാൽ ആ ഭാഗത്ത്

നിന്നും വരുന്ന കുട്ടികളിൽ നിലവിലുള്ള കുട്ടികൾ ടി.സി. വാങ്ങി പോകുന്നതിനും പുതിയതായി ഒന്നാം ക്ലാസ്സിൽ ചേരുന്നതിനും ഉള്ള സാഹചര്യം ആണ് നിലവിലുള്ളത്.

ഈ സ്കൂളിന്റെ അക്കാദമികനിലവാരം ഉയർത്തുന്നതിനായി അക്കാദമിക് കമ്മറ്റിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. അക്കാദമിക പിന്നോക്കാവസ്ഥ ഓരോ കുട്ടിയുടേയും മനസ്സിലാക്കി അതിനനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ രക്ഷിതാക്കളുടേയും കൂട്ടായ്മയോടു കൂടി നടത്തി വരുന്നു. അതനുസരിച്ച് വളരെയധികം മാറ്റങ്ങൾ കുട്ടികളിൽ ഉണ്ടാകുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല. |
|---|---|---|---|---|
| 1. | കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക | പൊതുവേദിയിൽ പ്രകടനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. കുട്ടികളിലെ ഭയം സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി സർഗ്ഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരങ്ങൾ രചനാമത്സരങ്ങൾ സംഘടിപ്പിച്ചു വിലയിരുത്തുന്നു | വർഷം മുഴുവൻ | അതാത് ക്ലാസ് അധ്യാപകർക്ക് |

| | | | | |
|---|---|---|---|---|
| | എല്ലാ കുട്ടികളും വായിക്കുക എഴുതുക. | കുട്ടികൾക്ക് അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറക്കുന്നതിനു പ്രവർത്തനങ്ങൾ നടത്തുന്നു. വായനകാർഡ് നൽകുന്നു. സ്വതന്ത്രരചനകൾ നടത്തുന്നു. | ദീർഘകാല | ക്ലാസ് ടീച്ചർ. |
| | സാഹിത്യാഭിരുചി വളർത്തുക. | ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. കൂടുതൽ പുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ നൽകുന്നു. | വർഷം മുഴുവൻ | |
| | ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മലയാളത്തിൽ ഭാഷാവികാസത്തിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. IT മേഖലയിൽ വൈവിധ്യം നേടുന്നു. ഒഴിവുസമയങ്ങളിൽ അധ്യാപകർ കമ്പ്യൂട്ടർ ഫലപ്രദമായി ഉപയോഗിക്കുന്നു | " | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| ഭിന്ന | ഭിന്നശേഷി കാർക്കുള്ള പ്രവർത്തനങ്ങൾ | BRC IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി കാർക്കുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കാൻ പ്രോത്സാഹനം പ്രശസ്തരുടെ സേവനം ഉപയോഗപ്പെടുത്തും. | (ഹ്രസ്വകാല. |
| | ഉന്നതനിലവാരമുള്ള അധ്യാപനം ഉറപ്പ് വരുത്തും | അധ്യാപക കൂട്ടായ്മ സംഘടിപ്പിക്കും. ക്ലസ്റ്റർ ക്ലാസ്സുകൾ വിവിധ ക്ലാസ്സുകൾ എന്നിവ ഫലപ്രദമായി വിനിയോഗിക്കും. വിവിധ വിദ്യാലയങ്ങളിലെ വിഷയാടിസ്ഥാനത്തിലുള്ള അധ്യാപകരുമായി whatsup കൂട്ടായ്മ സംഘടിപ്പിക്കൽ, ലൈബ്രറി, ഇന്റർനെറ്റ് എന്നിവയിലൂടെ വിശാലമായ അറിവ് നേടുന്ന. | |

# ശാസ്ത്രം

ലക്ഷ്യങ്ങൾ:

സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കും. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും. പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകും. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം മാതൃകയാകും. ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങളെ കുട്ടികൾ തിരിച്ചറിയുകയും അവയുടെ ഉപയോഗങ്ങൾ കുട്ടികൾ മനസ്സിലാക്കുകയും ചെയ്യും. നെൽകൃഷിയെ കുറിച്ച് കൂടുതൽ കുട്ടികൾ മനസ്സിലാക്കും. ജൈവവൈവിധ്യം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത കുട്ടികൾ മനസ്സിലാക്കും.

പ്രകൃതിയെ നശിപ്പിക്കൽ, ജലസ്രോതസ്സുകളുടെ നാശം, ജല ദൗർലഭ്യം ജലം മലിനമാക്കൽ എന്നിവ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തി കുട്ടിയിലൂടെ സമൂഹ ശ്രദ്ധയിൽ പെടുത്തി കുട്ടികളിലൂടെ കൂട്ടായ്മയിലൂടെ

പരിഹാരം കാണും. വിദ്യാലയത്തിലെ പച്ചക്കറി കൃഷി വീടുമായും സമൂഹവുമായും ബന്ധിപ്പിച്ച് സ്വന്തമായി കൃഷി ചെയ്ത് പച്ചക്കറി ഉൽപ്പാദിപ്പിച്ച് കൃഷിയോട് താൽപര്യം ഉണ്ടാക്കും.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|---|
| | സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കും. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും. പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകും. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം മാതൃകയാകും. | പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികൾ നേരിട്ട് മനസ്സിലാക്കുന്നു. സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുന്നു. പ്ലാസ്റ്റിക് മണ്ണിൽ അലിഞ്ഞ് ചേരുന്നില്ലെന്നും അത് മണ്ണിൽ കിടന്നാൽ ഭൂമിക്കുണ്ടാകുന്ന ദോഷവും അത് ചെടികൾക്ക് ദോഷമുണ്ടാക്കുന്നതിനെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. സ്കൂളിന്റെ പരിസരം ചെടികൾ നട്ടുപിടിപ്പിക്കുന്നു- സംരക്ഷിക്കുന്നു. |

| ഊന്നൽ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|---|
| | | സ്കൂളിലെ ഔഷധത്തോട്ടം നിർമ്മിക്കുന്നു. ഓരോ കുട്ടിയുടെയും വീട്ടിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു. അതുവഴി ആ കുട്ടികൾക്ക് അവരവർക്ക് വേണ്ടുന്ന പച്ചക്കറികൾ സ്വയം വീട്ടിൽ ഉണ്ടാക്കുന്നു. കുട്ടികളോട് വീട്ടിൽ ഓരോ ചെടി വീതം നടാൻ പറയുന്നു. കുട്ടികൾ വളരുന്നതോടൊപ്പം ഭാവിയിൽ ചെടികൾ വളരുകയും ചെയ്യും. | ക്ലാസ് ടീച്ചർ |
| | നെൽകൃഷിയെ കുറിച്ച് കൂടുതൽ കുട്ടികൾ മനസ്സിലാക്കും. | പ്രാദേശികമായി നെൽവയലുകളാൽ ചുറ്റപ്പെട്ട ഒരു ഗ്രാമപ്രദേശമായതിനാൽ കുട്ടികൾക്ക് നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളെ നേരിട്ട് മനസ്സിലാക്കാം. നെൽകൃഷിയിൽ താൽപര്യം ഉണ്ടാകാൻ ഇതുമൂലം സാധിക്കുന്നു. | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷവൈഭവ ഉള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കും.
2. എല്ലാ ഭാഷാ പഠന നേട്ടങ്ങളും കുട്ടികൾ ആർജ്ജിക്കും
3. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകും.
4. ശരിയായ ഉച്ചാരണത്തിലൂടെയും ഒഴുക്കോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും കഴിവ് കുട്ടികളിൽ വികസിപ്പിക്കും.
5. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കും.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|
| | ഇംഗ്ലീഷ് പഠനത്തിൽ കുട്ടികളെ പൂർണ്ണതയിൽ എത്തിക്കും എല്ലാ പഠന നേട്ടങ്ങളും ആർജ്ജിക്കും | കുട്ടികളെ ഇംഗ്ലീഷിൽ താൽപര്യം ജനിപ്പിക്കുന്നതിനായി അധ്യാപിക ക്ലാസ്സിൽ ലളിതമായി ഇംഗ്ലീഷിൽ കുട്ടികളോട് സംസാരിക്കും കുട്ടികളെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രോത്സാഹിപ്പിക്കും. | 4 വർഷം. | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | [illegible] |
| --- | --- | --- | --- | --- |
| | | ഇന്റർനെറ്റിന്റെ ഉപയോഗത്തോടെ ശരിയായ ഉച്ചാരണത്തിന് കുട്ടികളെ പരിചയപ്പെടുത്തി ചെറിയ ചെറിയ കഥകൾ കുട്ടികളെ കേൾപ്പിക്കാം. അധ്യാപിക കുട്ടികൾക്ക് ഇംഗ്ലീഷിൽ കഥകൾ പറഞ്ഞു കൊടുക്കുന്നു. | | |
| | | | | |